# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1172** **04.02.2019 ൽ മറുപടിക്ക്**

## റാന്നിയിലെ ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| റാന്നി ശബരിമല പിൽഗ്രിം സെന്റർ നിർമ്മാണം പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞ് 2 വർഷക്കാലമായിട്ടും 50 ശതമാനം പോലും പണികൾ പൂർത്തീകരിക്കാത്ത കരാറുകാരനെ ഒഴിവാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | റാന്നി പിൽഗ്രിം ഷെൽട്ടർ നിർമ്മാണം ഏറ്റെടുത്ത കരാറുകാരനെ ഒഴിവാക്കാനുള്ള നടപടികൾ തുടങ്ങവെ കരാറുകാരന്റെ അപേക്ഷയിന്മേൽ 15 ദിവസത്തെ പ്രോഗ്രാം നൽകുകയും അത് തൃപ്തികരമായി പൂർത്തീകരിച്ചതിനാൽ ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി വാങ്ങി പ്രവൃത്തി തുടർന്ന് നടത്തി എത്രയും വേഗം പൂർത്തീകരിക്കുവാൻ പത്തനംതിട്ട കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാലും 30 ദിവസത്തെ പുരോഗതി കൂടി വിലയിരുത്തിയ ശേഷം തൃപ്തികരമല്ല എങ്കിൽ കരാറുകാരനെ ഒഴിവാക്കി പുനർദർഘാസ് നടത്തി പണി പൂർത്തീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**